പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1861 **26-10-2026-ൽ മറുപടിയ്ക്ക്**

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (SDF) വർദ്ധനവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (SDF) പ്രകാരമുള്ള തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: എം എൽ എ മാരുടെ പ്രത്യേക വികസന നിധിയുമായി ബന്ധപെട്ട GO(P)161/2017 Fin dated 29.12.2017 പ്രകാരം പ്രതിവർഷം ഒരു കോടി രൂപയാണ് ഒരു മണ്ഡലത്തിനായി വകയിരുത്തിയിരിക്കുന്നത്. പരമാവധി ഒരു കോടി രൂപ ചെലവു വരുന്ന പ്രവൃത്തിക്കോ ആകെ ഒരു കോടി രൂപ ചെലവ് വരുന്ന വിവിധ പ്രവൃത്തികൾക്കോ എംഎൽഎ മാർക്ക് ശുപാർശ സമർപ്പിക്കാവുന്നതാണ് .മുൻ വർഷങ്ങളിൽ ടി ഫണ്ടിൻ കീഴിൽ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്ന തുകകൾ ബഹു.എം എൽ എ മാർ തുടർന്നുള്ള വർഷങ്ങളിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതിയും നിലവിൽ നൽകി വരുന്നു .പല നിയോജക മണ്ഡലങ്ങളിലും അതാതു സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്ന സാഹചര്യവും നിലവിലുണ്ട് . ആയതിനാൽ എം എൽ എ മാരുടെ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക ഒരു കോടി രൂപയിൽ നിന്നും 2 കോടി രൂപയാക്കി വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല

(ബി) 2011-ൽ സർക്കാർ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക വർദ്ധന വരുത്തിയ ശേഷം പല തവണ DSR (ഡീറ്റൈൽഡ് ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പരിഷ്കരിച്ചിട്ടും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക വർദ്ധിപ്പിക്കാത്തത് കാരണം വികസന പ്രവൃത്തികൾക്കുള്ള തുക അപര്യാപ്തമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) എങ്കിൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക 1 കോടി രൂപയിൽ നിന്നും 2 കോടി രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ